(ബി) എങ്കിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ;

(സി) അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ ആഭിമുഖ്യത്തിൽ സർക്കാർ, എയിഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം മെച്ചമാക്കാനുള്ള നിരീക്ഷണ പ്രവർത്തന സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരിക്കുലവും സിലബസും നവീകരിച്ച് അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് ബൃഹത്തായ പരിശീലനം നൽകി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിജയശതമാനം കുറഞ്ഞ സ്കൂളുകളെ ദത്തെടുത്ത് പ്രത്യേക പഠനബോധന തന്ത്രങ്ങൾ നടപ്പാക്കുന്നതിനും അക്കാദമിക് ഇൻസ്പെക്ഷൻ ശക്തമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധിക പരിശീലനം നൽകുന്നതിന് 'റെമഡിയൽ കോച്ചിംഗ് സെന്റർ' ആരംഭിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമെ ഒരു റവന്യൂ ജില്ലയിലെ ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് മറ്റ് സ്കൂളുകൾക്ക് മാതൃകയും പ്രചോദനവും ആകത്തക്കവിധം 'ലീഡ് സ്കൂൾ' പദ്ധതി നടപ്പിലാക്കാനും പരിപാടിയുണ്ട്. പ്ലസ്ടു പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ രീതിയിൽ ഓരോ ജില്ലയിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

(സി) അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ ഇപ്പോൾ തന്നെ ഈ രംഗത്ത് സജീവമാണ്. ഡി.ഇ.ഒ-മാരുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷനും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്യൂ.ഐ.പി. സെൽ വഴി മോണിറ്ററിംഗും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. ഇതിനെല്ലാം പുറമെ പി.റ്റി.എ. അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാലകൾ സംസ്ഥാന തലത്തിൽ നടത്തുന്നതിനും പദ്ധതിയുണ്ട്.

വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്–ശുപാർശകളും നിർദ്ദേശങ്ങളും

83 [3257] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് പഠനം തുടങ്ങുന്നതിന് സർക്കാർ നിയോഗിച്ച വിദ്യാഭ്യാസ കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തോടുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ;

(സി) അടുത്ത വർഷം 3-ാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശുപാർശകൾ പരിശോധിച്ചുവരുന്നു. വിശദാംശങ്ങൾ പരിശോധിച്ചതിനുശേഷം മാത്രമേ ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാൻ സാധിക്കുകയുള്ളു.

(സി) 2004-2005 അദ്ധ്യയനവർഷം മുതൽതന്നെ 3-ാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

ഏകദിന സ്റ്റാഫ് ഫിക്സേഷനുമായി ബന്ധപ്പെട്ട പരാതികൾ

84 [3258] ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷക്കാലമായി സ്റ്റാഫ് ഫിക്സേഷനോടനുബന്ധിച്ച് ഏകദിന വെരിഫിക്കേഷൻ നടത്തിയത് പ്രയോജനകരമായിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏകദിന വെരിഫിക്കേഷൻ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഏകദിന വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് അൺഎയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെ, എയ്ഡഡ് സ്കൂളിലെ എണ്ണം തികയ്ക്കാനായി മാറ്റിയിരുത്തിയിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഭാവിയിൽ ഇപ്രകാരമുള്ള ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രയോജനകരമായിരുന്നു.

(ബി) ഉണ്ട്.

(സി) അന്വേഷണം നടന്നുവരുന്നു.

(ഡി) ഉണ്ട്.

(ഇ) അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly